# അക്കാദമിക് മാസ്റ്റർ പ്ലാൻ

## എം എൽ പി സ്കൂൾ മുട്ടിപ്പാലം

## ആനക്കയം പഞ്ചായത്ത്

## മഞ്ചേരി സബ്ജില്ല

## മലപ്പുറം ജില്ല

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- പൊതു ലക്ഷ്യങ്ങൾ
- സ്കൂൾ ചരിത്രം
- വിദ്യാലയ മികവിന്കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ
- നിലവിലെ അടിസ്ഥാന വിശകലനം
- മികവിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- (മേഖല ഉപ മേഖല പ്രവർത്തനങ്ങൾ)
- പ്രതീക്ഷിത നേട്ടങ്ങൾ

# അടിസ്ഥാനവിവരങ്ങൾ

വിദ്യാലയത്തിൻറെ പേര് : എംഎൽപി സ്കൂൾ മുട്ടിപ്പാലം

വിലാസം : po ആനക്കയം

മുണ്ടുപറമ്പ് വഴി

മലപ്പുറം pin 67 65 0 9

സ്കൂൾ കോഡ് : 18537

വിദ്യാഭ്യാസ ഉപജില്ല : മഞ്ചേരി

വിദ്യാഭ്യാസ ജില്ല : മലപ്പുറം

റവന്യൂ ജില്ല : മലപ്പുറം

ബി ആർ സി : മഞ്ചേരി

സി ആർ സി : ആനക്കയം

ഗ്രാമപഞ്ചായത്ത് ആനക്കയം

ജില്ലാ പഞ്ചായത്ത്. മലപ്പുറം

നിയമസഭാമണ്ഡലം. മലപ്പുറം

താലൂക്ക്. ഏറനാട്

വില്ലേജ്. ആനക്കയം

## പൊതു ലക്ഷ്യങ്ങൾ

- ❖ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും നൽകുക
- ❖ അക്കാദമിക മികവിന് ഉപകരിക്കുന്ന വിധം പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
- ❖ അധ്യാപനവും വും അദ്ധ്യായനവും സർഗാത്മകവും രസകരമാക്കുന്നതിനു ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
- ❖ പ്രീപ്രൈമറി മുതൽ 4 ക്ലാസ് വരെയുള്ള ഓരോ കുട്ടിക്കും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക്നുസൃതമായി നേടേണ്ട ശേഷികൾ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും ആളും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുതകുന്ന പ്രവർത്തന കലണ്ടറുകൾ രൂപപ്പെടുത്തൽ
- ❖ പാഠ്യ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ❖ സമത്വം സാഹോദര്യം ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- ❖ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കാവുന്ന വിദ്യാലയന്തരീക്ഷം ഒരുക്കൽ
- ❖ പ്രകൃതി വിഭവങ്ങളും വരുംതലമുറക്ക് കൂടി അവകാശപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പരിസ്ഥിതിക ബോധത്തോടെ ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- ❖ ഓരോ കുട്ടിക്കും താല്പര്യമുള്ള മേഖലകൾ തിരിച്ചറിഞ്ഞ് ആവശ്യമായ സാമൂഹിക സാമ്പത്തിക പിന്തുണ ഉറപ്പുവരുത്തൽ

## പദ്ധതി രൂപീകരണ പ്രക്രിയ    വിവിധ ഘട്ടങ്ങൾ

- എസ്.ആർ ജി യോഗത്തിൽ സ്കൂൾ വിഷൻ 2024 25 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ച ചെയ്യലും
- അക്കാദമികം ബൗദ്ധികം സാമൂഹികം എന്നീ മേഖലകളിലെ വികസന ലക്ഷ്യങ്ങൾ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ എസ് ആർ ജി എസ് എസ് ജി പി ടി എ എംടിയെ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് കരട് രൂപരേഖയിൽ മാറ്റങ്ങൾ വരുത്തി
- പിടിഎയുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ

# സ്കൂൾ ചരിത്രം

ആനക്കയം ഗ്രാമപഞ്ചായത്തിലെ മുട്ടിപ്പാലം പ്രദേശത്ത് വിദ്യാഭ്യാസപരവും സാംസ്കാരികപരവും ആയി പിന്നോക്കം നിന്നിരുന്ന കാലത്ത് നാടിന്റെ സർവ്വതോൻമുഖമായ പുരോഗതിക്കും വികസനത്തിനും വിദ്യാഭ്യാസം ആവശ്യമാണെന്ന് മനസ്സിലാക്കി പാറമ്മൽ പള്ളിക്ക് സമീപമുള്ള പോത്തും പട്ടി എന്ന സ്ഥലത്ത് 1921ൽ സ്ഥാപിച്ച ഒത്തുപള്ളിക്കൂടമാണ് ഇന്നത്തെ ഈ വിദ്യാലയത്തിന്റെ ആരംഭം

പിന്നീട് 1924 ഇന്ന് കാണുന്ന സ്ഥലത്ത് എയ്ഡഡ് മാപ്പിള ലോവർ പ്രൈമറി സ്കൂൾ എന്ന പേരിൽ സർക്കാർ അംഗീകാരത്തോടെ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു

അന്നുമുതൽ 2014 വരെ പ്രി കെ ഇ ആർ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ 2015 മുതൽ പുതിയ ഇരുനില കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു 2015 സ്കൂൾ പിടിഎയുടെ നിർദ്ദേശപ്രകാരം പ്രീ പ്രൈമറി ആരംഭിച്ചു

സ്കൂൾ പ്രവർത്തനങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ സ്കൂൾ ഏറെ മുന്നിലാണ് എൽ എസ് എസ് പരീക്ഷ യിൽ വിജയം നേടാനും പഞ്ചായത്ത് സബ്ജില്ലാ കല ശാസ്ത്രമേളകളിൽ ഓവറോൾ കിരീടം വരെ നേടിയെടുക്കുവാൻ സ്കൂളിന് സാധിച്ചിട്ടുണ്ട്.

## വിദ്യാലയം മികവിന്റെ കേന്ദ്രം

- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട എല്ലാ ശേഷികളും  കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
- പാഠ്യ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- സമത്വം സാഹോദര്യം ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക്  പ്രത്യേക പരിഗണനയും പങ്കാളിത്തവും  ഉറപ്പാക്കുന്ന രീതിയിൽ  വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- പ്രകൃതി വിഭവങ്ങൾ  വരും തലമുറയ്ക്കു കൂടി അവകാശപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പാരിസ്ഥിതിക ബോധത്തോടെ ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക
- ഓരോ കുട്ടിക്കും താല്പര്യം ഉള്ള മേഖല തിരിച്ചറിഞ്ഞ് ആവശ്യമായ സാമൂഹിക-സാമ്പത്തിക പിന്തുണ ഉറപ്പുവരുത്തൽ

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- എസ് ആർ ജി യോഗത്തിൽ സ്കൂൾ വിഷൻ 2025 – 26 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ച ചെയ്യലും
- അക്കാദമികം ഭൗതികം സാമൂഹികം എന്നീ മേഖലകളിലെ വികസന ലക്ഷ്യങ്ങൾ തരംതിരിച്ച് രൂപരേഖ തയ്യാറാക്കൽ
- SRG SSG PTA MTA തുടങ്ങിയവർ അടങ്ങുന്ന ശിൽപ്പശാലയിൽ ഈ കരട് രൂപരേഖ അവതരിപ്പിക്കൽ
- ശിൽപ്പശാലയിൽ വന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് ക
- കരട് രൂപരേഖയിൽ മാറ്റം വരുത്തൽ
- പിടിഎ നേതൃത്വത്തിൽ കേന്ദ്രീകൃത പദ്ധതി തയ്യാറാക്കൽ

## *നിലവിലെ അവസ്ഥ വിശകലനം*

## *ഭൗതികം*

- നേട്ടങ്ങൾ

പ്രീ കെ ഇ ആറ് കെട്ടിടം പൊളിച്ചുമാറ്റി 5 ക്ലാസ് മുറികളും ഒരു ഓഫീസ് റൂമുമായി നല്ല ഒരു ഇരുനില കെട്ടിടം പൂർണ്ണ വൈദ്യുതീകരണ ത്തോടുകൂടി സ്കൂൾ മാനേജ്മെൻറ് പണിത് തന്നിട്ടുണ്ട്

- പരിമിതികൾ

സ്കൂൾ ലൈബ്രറി ക്ലാസ് ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളില്ല കൂടാതെ നല്ല രീതിയിലുള്ള ഒരു കമ്പ്യൂട്ടർ ലാബും ഇല്ല അതിലേക്ക് ആവശ്യമായിട്ടുള്ള ഉള്ള സിസ്റ്റം ഉറപ്പുവരുത്തണം ഒരു നല്ല അടുക്കള യും ഒരു ഡൈനിങ് ഹാളും എന്നിവയും അത്യാവശ്യമാണ്

## അക്കാദമികനേട്ടങ്ങൾ

വർഷങ്ങളായി ശാസ്ത്ര കലാമേളകളിൽ പഞ്ചായത്ത് സബ്ജില്ല ജില്ലാതലങ്ങളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് വരെ നേടിയെടുക്കാൻ നമ്മുടെകുട്ടികൾക്ക് സാധിച്ചിട്ടുണ്ട് ആറു വർഷത്തോളമായി നടത്തിവരുന്ന നിരതം പദ്ധതിയിലൂടെ നാലാം ക്ലാസ് കഴിയുന്ന നൂറ് ശതമാനം കുട്ടികളും മലയാളം എഴുതുവാനും വയിക്കുവാനുമായി ബന്ധപ്പെട്ട ശേഷികൾ നേടിയെടുക്കുന്നു

## പരിമിതികൾ

മലയാളത്തിളക്കം പോലെയുള്ള പ്രോഗ്രാമുകൾ നടത്തി കുട്ടികളിലെ എഴുത്തും വായനയും കൂടുതൽ കാര്യക്ഷമമാക്കണം

മത്സരപരീക്ഷകളിലെയും എൽഎസ്എസ് പരീക്ഷ കളിലെയും മികവ് ഇനിയും ഉയർത്തണം

കുട്ടികളിലെ എല്ലാ സർഗ്ഗാത്മക കഴിവുകളും വളർത്തുന്നതിനു വേണ്ടി ലാബുകളും ലൈബ്രറികളും ആധുനികവൽക്കരണം നടത്തേണ്ടതുണ്ട്

ഇംഗ്ലീഷ് ഭാഷ നന്നായി സംസാരിക്കുവാനും എഴുതുവാനും പുതിയ പഠനപ്രവർത്തനങ്ങൾ ഞങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്

**സാമൂഹികനേട്ടങ്ങൾ.**

വിദ്യാലയത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്

പരിമിതികൾ

ഇ സ്കൂളിൽ ഏരിയയിലെ ഒന്നാം ക്ലാസ് മുതൽ 4 ക്ലാസ് വരെയുള്ള മുഴുവൻ വിദ്യാർത്ഥികളെയും സ്കൂളിലേക്ക് ആകർഷിക്കാൻ സാധിച്ചിട്ടില്ല അതിനാവശ്യമായ ആയ നടപടിക്രമങ്ങൾ നടത്തേണ്ടതുണ്ട്

സ്കൂളിന് നല്ല നിലവാരത്തിലുള്ള കിച്ചൻ കം ഡെയിനിങ് ഹാൾ നിർമിക്കേണ്ടതുണ്ട്

മുഴുവൻ ക്ലാസ് റൂമുകളും സ്മാർട്ട് ക്ലാസ്സുമായി നവീകരിക്കേണ്ടതുണ്ട്

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം

- കബ്ബ് ബുൾബുൾ യൂണിറ്റുകൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ
- ഭാഷാശേഷി വികസനം
- ഗണിത ലളിതം
- മധുരം ഇംഗ്ലീഷ്
- അറബി ഭാഷ പഠനം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ശാസ്ത്ര പോഷണ പരിപാടി
- പഠനയാത്രകൾ
- സ്കൂൾ പത്രം
- സ്കൂൾ മാസിക
- സ്കൂൾ വാർഷികം
- സ്കൂൾ കായികമേളക
- പിടിഎ ശക്തികരണം
- പ്രവർത്തിപരിചയമേള

## ഭൗതികം

- ക്ലാസ് മുറികൾ ആകർഷകമാക്കൽ
- ലൈബ്രറി നവീകരണം
- അടുക്കള ഡൈനിങ് ഹാൾ

# സാമൂഹികം

- പൂർവ്വ വിദ്യാർത്ഥി സംഗമം
- പൂർവ്വ അധ്യാപക സംഗമം
- ബാലോത്സവം
- നാട്ടുകൂട്ടം പഠനോത്സവം
- അമ്മ വായന
- ഗൃഹ സന്ദർശനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 26

## എ എം എൽ പി എസ് മുട്ടിപ്പാലം

## സ്കൂൾ തലം

| SL NO | പദ്ധതി | ലക്ഷ്യം | പ്രവർത്തനം | എസ്റ്റിമേറ്റ് തുക | കാലയളവ് |
|---|---|---|---|---|---|
| | അക്ഷരത്തിളക്കം | രണ്ട് മൂന്ന് നാല് ക്ലാസുകളിലെ കുട്ടികളെ അക്ഷരമറിയുന്നവരാക്കി മാറ്റി എഴുതാനും വാഴിക്കാനും കഴിവുണ്ടാക്കുക | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുക<br><br>അക്ഷര കാർഡ് അക്ഷരചിത്രം പദചാർട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള വൈവിധ്യ പ്രവർത്തനങ്ങൾ നൽകൽ | 2000 | 2025-26 |
| 2 | വായന മൂല<br><br>പുസ്തക ഇടനാഴി<br><br>സ്കൂൾ റേഡിയോ | കയ്യെത്തും ദൂരത്ത് പുസ്തകങ്ങൾ സ്വയം എടുത്തു വായിക്കാനുള്ള പ്രേരണയുണ്ടാക്കുക<br><br>വായനാ കൂട്ടം പുസ്തക ചർച്ചയും കവിത കഥ അവതരണം നടത്തി കുറിപ്പുകൾ തയ്യാറാക്കൽ | പുസ്തക ഇടനാഴിയിലൂടെ സ്വയം കുട്ടികൾക്ക് പുസ്തകം എടുത്ത് വായിക്കുവാനുള്ള അവസരം നൽകുന്നു<br><br>വായനാ മൂലയിൽ വച്ച്<br><br>പുസ്തക ചർച്ചയും കവിത കഥ അവതരണം നടത്തി കുറിപ്പുകൾ തയ്യാറാക്കാൻ അവസരം നൽകുന്നു<br><br>കഥ കവിത നാടകം എന്നിവ സ്കൂൾ റേഡിയോയിലൂടെ കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | 3000 | 2025-26 |
| 3 | അറിവുഉത്സവം | പത്രവാർത്തകൾ ആനുകാലികങ്ങൾ വായിച്ച് അറിവ് നേടുക<br><br>ക്വിസ് മത്സരം നടത്തുക<br><br>I A S (inspir aspeard study program | ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>പത്രമാസികകൾ വായിച്ച് വാരാന്ത്യപതിപ്പ് തയ്യാറാക്കൽ<br><br>ദിവസേന രണ്ടു ചോദ്യങ്ങൾ നൽകി ആഴ്ചയിൽ ക്വിസ് മത്സരം നടത്തും | 10000 | 2025-26 |

| | | | | | |
|---|---|---|---|---|---|
| | | മത്സര പരീക്ഷകൾക്ക് മുന്നൊരുക്കം | ആഴ്ചയിൽ ഒരു ദിവസം I A S ലൂടെ GK ക്ലാസ് നൽകുന്നു | | |
| 4 | മധുരം ഗണിതം | ഗണിതാശയങ്ങൾഉറപ്പിക്കുന്നതിനും<br><br>ഗണിതത്തിലെ ബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്ക് എളുപ്പമാക്കി നൽകുന്നു<br><br>അളവ് തൂക്കങ്ങൾ മനസ്സിലാക്കുന്നതിനുള്ള കളി ചന്ത വൈവിധ്യമാർന്ന പരിപാടികൾക്ക് അവസരങ്ങൾ നൽകുന്നു | ഗണിതങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br><br>ഗണിതത്തിൽ പ്രയാസം നേരിടുന്ന കുട്ടികൾക്ക് കളിയിലൂടെയും ചിത്രങ്ങളും ഉപയോഗിച്ച് എളുപ്പമാക്കി കൊടുക്കുന്നു<br><br>അളവ് തൂക്കങ്ങൾ സമയങ്ങൾ എന്നിവ വീഡിയോയിലൂടെയും നേരിട്ടും മനസ്സിലാക്കാനുള്ള അവസരം ഒരുക്കുന്നു | 5000 | 2025-26 |
| 5 | SEEP (students english empowerment program)<br><br>Spoken English | കുട്ടികൾക്ക് ഇംഗ്ലീഷ് കേൾക്കാനും വായിക്കാനും ഉള്ള അവസരം നൽകി സംസാരിക്കുവാനുള്ള ശേഷി ഉണ്ടാക്കുന്നു | മാസത്തിൽ രണ്ട് തവണ ഫാക്കൽറ്റിയെ വെച്ചുകൊണ്ട് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കുന്നു<br><br>സ്മാർട്ട് ക്ലാസ്സിലൂടെ ഇംഗ്ലീഷ് കേൾക്കുവാനുള്ള അവസരങ്ങൾ നൽകുന്നു<br><br>ചെറിയ ഇംഗ്ലീഷ് സ്കിറ്റ് ഇംഗ്ലീഷ് നാടകങ്ങൾ എന്നിവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | 10000 | 2025-26 |
| 6 | ശാസ്ത്ര ചെപ്പ്<br><br>എൻ്റെ ഭൂമി | കുട്ടികളിൽ ശാസ്ത്ര അഭിരുചിയും കഴിവും ഉണ്ടാക്കുന്നു<br><br>നിരീക്ഷണ പ്രവർത്തനങ്ങൾ നടത്താനുള്ള അവസരങ്ങൾ നൽകുന്നു | പഠനാശയങ്ങൾ ഉറപ്പിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസം പരീക്ഷണം തയ്യാറാക്കാനുള്ള അവസരങ്ങൾ നൽകുന്നു<br><br>പരിസര നിരീക്ഷണം അഭിമുഖം ശുചീകരണ പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണങ്ങൾ തുടങ്ങിയവ കുട്ടികളെ മനസ്സിലാക്കാനുള്ള വൈവിധ്യമാർന്ന പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു | 2500 | 2025-26 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 7 | പോഷണം | കുട്ടികളുടെ പോഷകാഹാര പ്രശ്നങ്ങൾ പരിഹരിക്കാനും നാടൻ വിഭവങ്ങളെ കുറിച്ച് മനസ്സിലാക്കാനുള്ള പദ്ധതി | കുട്ടികളുടെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ അമ്മമാരുടെ സഹായത്തോടെ ആഴ്ചയിൽ നാടൻ വിഭവങ്ങൾ ഒരുക്കി നൽകാൻ<br><br>നാടൻ വിഭവ പ്രദർശനങ്ങൾ നടത്തുക | 5000 | 2025–26 |
| 8 | മാനസികാരോഗ്യ പരിശീലനം<br><br>മാസ്സ് ഡ്രില്ല് | ആഴ്ചയിൽ ഒരിക്കൽ മാസ്സ് ഡ്രില്ല് കൗൺസിലിംഗ് കിഡ്സ് അത്ലെറ്റിങ് ഗെയിമുകൾ മാനസിക ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിക്കുക | കായികാധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ക്ലാസിനും മാസ് കളികൾ കിഡ്സ് അത്ലറ്റിക് ഗെയിമുകൾ നാടൻ കളികൾ കായിക ക്യാമ്പുകൾ ഫുട്ബോൾ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു | 3000 | 2025–26 |